ഭാരതത്തിന്റെ പരമോന്നത നീതിപീഠം

ക്രിമിനൽ അപ്പീൽ അധികാരപരിധി

ക്രിമിനൽ അപ്പീൽ നമ്പർ: 873/2019

(പ്രാരംഭം: സ്പെഷ്യൽ ലീവ് പെറ്റീഷൻ (ക്രിമിനൽ) നമ്പർ: 6293/2018)

ഓമനക്കുട്ടൻ	.....	അപ്പീൽവാദി
	Vs.	
കേരള സംസ്ഥാനം	.....	എതിർകക്ഷി

വിധിന്യായം

ദിനേശ് മഹേശ്വരി (ജഡ്ജി)

അപ്പീൽ നൽകുവാൻ അനുവദിച്ചു.

2. പ്രതി - അപ്പീൽവാദി ഇന്ത്യൻ ശിക്ഷാനിയമം 326-)o വകുപ്പ് പ്രകാരം കുറ്റക്കാരനാണ് എന്ന് കണ്ട്, ഇടുക്കി ഒന്നാം ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, 04.12.2002 ൽ ഒരു വർഷത്തെ വെറും തടവിനും, 5000 രൂപ പിഴ അടയ്ക്കാനും, വീഴ്ച വരുത്തിയാൽ പാലിക്കേണ്ട നിബന്ധനകളും ഉൾപ്പെടെ പുറപ്പെടുവിച്ച CC നമ്പർ: 126/1999 വിധിന്യായത്തെ സ്ഥിരീകരിച്ചുകൊണ്ട് തൊടുപുഴ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി 23.09.2004 ൽ പുറപ്പെടുവിച്ച ക്രിമിനൽ അപ്പീൽ നമ്പർ:253/2002 ലെ വിധിന്യായത്തെ ശരിവെച്ചുകൊണ്ടുള്ള കേരള ഹൈക്കോടതിയുടെ ക്രിമിനൽ റിവിഷൻ പെറ്റീഷൻ നമ്പർ: 2859/2004 ൽ, 05.06.2018 ലെ വിധിന്യായത്തെയും ഉത്തരവിനെയും ചോദ്യം ചെയ്തുകൊണ്ടാണ് പ്രതി - അപ്പീൽവാദി ഈ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

3. ഇപ്പോഴത്തെ ആവശ്യത്തിനായി ഇതുവരെ പ്രസക്തമായ പശ്ചാത്തലവശങ്ങൾ ചുരുക്കത്തിൽ ഇനി പറയുന്ന രീതിയിലാണ്.

3.1 പ്രതി - അപ്പീൽവാദിയും പരിക്കേറ്റ ഇരയായ സുനിൽകുമാറും (PW-1) അയൽവാസികളാണെന്നാണ് പ്രോസിക്യൂഷൻ കേസ്. 26.11.1997 ന് വൈകുന്നേരം ഏകദേശം 6 മണിയ്ക്ക് ഇരയായ PW-1 മണ്ണാത്തറ തോപ്റാംകുടി പഞ്ചായത്ത് റോഡിലൂടെ കടന്നുപോകുമ്പോൾ അപ്പീൽവാദിയും ഭാര്യയും (2-)o പ്രതി) ചേർന്ന് ഇടതുവശത്തുള്ള ഒരു കുന്നിൻ മുകളിൽ നിന്ന് ഇരയുടെ മേൽ ആസിഡ് ഒഴിച്ചു. അപ്പീൽവാദിക്കും ഇരയ്ക്കും തമ്മിൽ മുൻ ശത്രുതയുണ്ടായിരുന്നുവെന്ന് ആരോപിക്കപ്പെടുന്നു. ടി കാരണത്താലാണ് അപ്പീൽവാദി ആസിഡ് ഒഴിച്ച് ഇരയുടെ തലയ്ക്കും കഴുത്തിനും തോളിനും മറ്റ് ശരീരഭാഗങ്ങളിലും ഗുരുതരമായ പരുക്കുകൾ വരുത്തിയത്. പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 326 ഉം 34 ഉം വകുപ്പുകൾ ചുമത്തി മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ക്രൈം നമ്പർ 94/1997 ആയി കുറ്റപത്രം തയ്യാറാക്കി. CC No.126/1999 ആയി ജുഡീഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേറ്റ് വിചാരണ ചെയ്തു. അതിൽ പ്രോസിക്യൂഷനുവേണ്ടി പത്ത് സാക്ഷികളെ വിസ്തരിച്ചു.

3.2 പരിക്കേറ്റ ഇരയായ PW-1 തന്റെ സാക്ഷ്യപത്രത്തിൽ പറയുന്നത് ടിയാൻ തോപ്റാംകുടിയിൽ നിന്നും മടങ്ങിവരുമ്പോൾ പ്രതി അപ്പീൽവാദി മഞ്ഞ നിറത്തിലുള്ള ഒരു ബക്കറ്റിൽ നിന്ന് ചുവന്ന നിറമുള്ള ഒരു ദ്രാവകം തന്റെ മേൽ ഒഴിച്ചു; ദ്രാവകം ശരീരത്തിന്റെ ഇടതുഭാഗത്ത് ഒഴിച്ചത് ഉയരത്തിൽ നിന്നും ആയതിനാൽ ശരീരം പൊള്ളിത്തുടങ്ങി, ടിയാൻ ഷർട്ടും മുണ്ടും കീറിയെറിഞ്ഞ് നിലവിളിച്ചു; ടിയാന്റെ അമ്മ (PW-2) കരഞ്ഞുകൊണ്ട് അരികിലേക്ക് ഓടിവന്നു; അവർ ഒരു ചായക്കടയിലേയ്ക്ക് ഓടി; PW 4 ഉം PW 5 ഉം കൂടി ടിയാനെ ആശുപത്രിയിൽ കൊണ്ട് പോയി, ടിയാൻ 3 മാസം ആശുപത്രിയിൽ കിടന്നു. ആ 3 മാസവും തന്റെ ദൈനംദിനചര്യകൾ തനിയെ ചെയ്യാൻ അദ്ദേഹത്തിന് പ്രാപ്തിയുണ്ടായിരുന്നോ എന്ന ചോദ്യത്തിന് ടിയാൻ നെഗറ്റീവായി മറുപടി നൽകി. സംഭവസമയത്ത് ടിയാന്റെ കരച്ച് പിന്നിൽ നടക്കുകയായിരുന്ന ടിയാന്റെ അമ്മ (PW-2) ടിയാന്റെ (PW-1) സാക്ഷ്യം സ്ഥിരീകരിച്ചു. കൂടാതെ സാക്ഷികളായ PW 3 ഉം, PW 4 ഉം, PW 5 ഉം, ഇര

ചായക്കടയിലേയ്ക്ക് ഓടുന്നത് കണ്ടതായി പറഞ്ഞു.

3.3. ഇരയെ പരിശോധിച്ചത് 26.11.1997 ന് 7.45 p.m. ന് ആണെന്ന് ഇരയുടെ ചികിത്സാഡോക്ടറായ PW-8 പറഞ്ഞു. ഇരയുടെ ശരീരത്തിന്റെ ഇടതുവശത്തെ നെറ്റി, തലയോട്ടി, കഴുത്ത്, നെഞ്ചിന്റെ പിൻഭാഗം, ഇടത് നിതംബം, ഇടത് തുടയുടെ മുൻഭാഗം എന്നിവ ഉൾപ്പെടുന്ന ഭാഗങ്ങളിൽ ആസിഡ് പൊള്ളലേറ്റിരുന്നു. ഇര ഒരു ഇൻപേഷ്യന്റായി തുടരുകയും, 18.01.1998 ന് ഡിസ്ചാർജ്ജ് ആവുകയും ചെയ്തു. പരുക്കേറ്റ സ്ഥലത്ത് രൂപഭേദം വരാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ക്രോസ് വിസ്താരത്തിൽ, ചികിത്സയ്ക്കിടെ ഇരയ്ക്ക് തന്റെ ദൈനംദിന കാര്യങ്ങൾ സ്വയം ചെയ്യാമായിരുന്നു എന്ന് ഡോക്ടർ വ്യക്തമാക്കി. ചർമ്മം ഉണങ്ങിവരുന്നതിനാൽ മുറിവ് സർട്ടിഫിക്കറ്റ് (Ext.P/5) തയ്യാറാക്കുന്ന സമയത്ത് രൂപഭേദമുണ്ടായിരുന്നില്ലെന്നും വടുക്കൾ പിന്നീട് വികസിക്കുമെന്നും പറഞ്ഞു. പ്രതിഭാഗം സാക്ഷിയായ DW-1 നെ വിസ്തരിച്ചതിൽ സംഭവദിവസം വൈകുന്നേരം 6.00 മണിവരെ അപ്പീൽവാദി തന്റെ വീട്ടിൽ ആശാരിപ്പണി ചെയ്യുകയായിരുന്നു എന്ന് പറഞ്ഞു.

3.4. പ്രസക്തമായ തെളിവുകളുടെ സൂക്ഷ്മപരിശോധനയ്ക്കുശേഷം, ജൂഡീഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേറ്റ്, 04.12.2002 ലെ വിധിന്യായവും ഉത്തരവും പ്രകാരം, ഇന്ത്യൻ ശിക്ഷാനിയമം 326-)o വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് അപ്പീൽവാദിയെ ശിക്ഷിക്കുകയും, ഇവിടെ മേൽ സൂചിപ്പിച്ചതുപോലെ ശിക്ഷ നടപ്പാക്കുകയും ചെയ്തു. എന്നാൽ രണ്ടാം പ്രതിയായ അപ്പീൽവാദിയുടെ ഭാര്യ തെളിവുകളുടെ അഭാവത്തിൽ കുറ്റവിമുക്തയാക്കപ്പെട്ടു.

3.5 വിനാശകരമായ പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള പരിക്കുകൾ ഗുരുതരമായ പ്രകൃതമുള്ളതാണെന്നും, ആശുപത്രിയിൽ പ്രവേശിപ്പിച്ച സമയത്ത് ഇരയ്ക്ക് സാധാരണ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന നിരീക്ഷണത്തോടെ അഡീഷണൽ ഡിസ്ട്രിക്ട്, സെഷൻസ് ജഡ്ജിയുടെ മുമ്പാകെ പ്രതി - അപ്പീൽവാദി

നൽകിയ അപ്പീൽ, 23.09.2004 ലെ വിധിന്യായവും ഉത്തരവും പ്രകാരം തള്ളിക്കളഞ്ഞു.

3.6 കീഴ്ക്കോടതികളുടെ ഒരേ രീതിയിലുള്ള കണ്ടെത്തലുകളിൽ ഇടപെടാൻ യാതൊരു കാരണവുമില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന്, പ്രതി - അപ്പീൽവാദി നൽകിയ റിവിഷൻ ഹർജി കേരള ഹൈക്കോടതി, എറണാകുളം തള്ളി. അതിനാലാണ് ഈ അപ്പീൽ.

4. അപ്പീലിനായി അനുമതി ആവശ്യപ്പെടുന്ന നിവേദനത്തിൽ കീഴടങ്ങുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രതി - അപ്പീൽവാദിയുടെ അപേക്ഷ പ്രാരംഭഘട്ടത്തിൽ അനുവദിച്ചെങ്കിലും, 13.08.2018 ന് കേസ് പരിഗണിച്ച് നോട്ടീസ് നല്കിയപ്പോൾ, കീഴടങ്ങുന്നതിൽ നിന്ന് ഒഴിവാക്കാനുള്ള അനുമതി നൽകിയ ഉത്തരവ് ഈ കോടതി തിരിച്ചു വിളിക്കുകയും, ആരോപിക്കപ്പെടുന്ന കുറ്റത്തിന്റെ സ്വഭാവം കണക്കിലെടുത്ത് ശിക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള ഏതെങ്കിലും കേസാണോ എന്ന ചോദ്യം പരിശോധിക്കുന്നതിനും നോട്ടീസ് നൽകി.

5. അപ്പീലിന്റെ യോഗ്യതയെക്കുറിച്ചും ശിക്ഷാവിധിയെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ കക്ഷികളുടെ അഭിഭാഷകനിൽ നിന്നും കേട്ടു. 20 ദിവസമായി കഠിനമായ ശാരീരിക വേദനയിലായിരുന്നുവെന്നോ തനിക്ക് രൂപഭേദം സംഭവിച്ചതായോ ഇരയായ PW-1 ഒരിക്കലും പറഞ്ഞിട്ടില്ല എന്നതാണ് അപ്പീൽവാദിയുടെ അഭിഭാഷകന്റെ വാദത്തിന്റെ പ്രധാന ഘടകം; 20 ദിവസത്തിൽ കൂടുതൽ ആശിപത്രിയിൽ പ്രവേശിപ്പിച്ചതിനാൽ കഠിനമായ ശാരീരിക വേദനയിലാണെന്നോ സാധാരണ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ലെന്നോവെന്ന ഒരു നിഗമനത്തിൽ എത്തിച്ചേരാനാവില്ല. ഡോക്ടറുടെ അഭിപ്രായത്തിൽ ഇരയ്ക്ക് ഒരു സഹായവുമില്ലാതെ തന്റെ സാധാരണകാര്യങ്ങൾ (ദിനചര്യകൾ) ചെയ്യാൻ സാധിക്കും എന്നതിനാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 320-)o വകുപ്പിലെ ഘടകങ്ങൾ സ്ഥാപിച്ചിട്ടില്ലെന്നും അഭിഭാഷകൻ ബോധിപ്പിച്ചു. അപ്പീൽവാദിയെ കുറ്റവിമുക്തനാക്കാൻ അർഹതയുണ്ടെന്നും, സംഭവം നടന്നത് 22

വർഷം മുമ്പാണെന്നും, അപ്പീൽവാദിക്ക് ഇപ്പോൾ 63 വയസ്സുണ്ടെന്നും അതിനാൽ ശിക്ഷ വർദ്ധിപ്പിക്കേണ്ടതില്ലെന്നും അഭിഭാഷകൻ ബോധിപ്പിച്ചു. നേരെ മറിച്ച്, അപ്പീൽ വാദിക്കു വേണ്ടിയുള്ള സമർപ്പണങ്ങളെ ടി യാനെതിരെ രേഖപ്പെടുത്തിയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എതിർകക്ഷിയുടെ അഭിഭാഷകൻ ഉചിതമായി എതിർത്തു.

6. അപ്പീൽവാദി ഇന്ത്യൻ ശിക്ഷാനിയമം 326-)o വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെട്ടത് ശരിയായ നടപടിയാണെന്ന് കക്ഷികളുടെ അഭിഭാഷകരെ കേട്ടതിൽ നിന്നും റെക്കോർഡുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിരിക്കുന്നു; വിധിക്കപ്പെട്ട ശിക്ഷയായ, വീഴ്ചവരുത്തിയാൽ പാലിക്കേണ്ട നിബന്ധനയോടെയുള്ള, ഒരു വർഷം വരെ വെറും തടവും 5000 രൂപ പിഴയും അപര്യാപ്തമാണെങ്കിലും കേസിന്റെ മൊത്തത്തിലുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് അത് വർദ്ധിപ്പിക്കുന്നതിൽ നിന്നും ഞങ്ങൾ വിട്ടുനിൽക്കുന്നു.

7. ഇരയുടെ ശരീരത്തിൽ അപ്പീൽവാദി ആസിഡ് ഒഴിച്ചുവെന്ന അടിസ്ഥാന വസ്തുതയെ സംബന്ധിച്ചിടത്തോളം, റെക്കോർഡിലെ തെളിവുകൾ പ്രകാരവും ഇരയായ PW-1 ന്റെയും അമ്മയായ PW-2 ന്റെയും സാക്ഷ്യപത്രം പ്രകാരവും സംശയലേശമന്യേ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇരയുടെ ശരീരത്തിന്റെ ഇടതുവശത്ത് വ്യാപകമായി ആസിഡ് പൊള്ളലേറ്റു എന്ന വസ്തുത ടിയാന്റെ സാക്ഷ്യപത്രവും PW-8 ആയ ഡോക്ടറുടെ സാക്ഷ്യപത്രവും ചേർത്ത് വായിക്കുമ്പോൾ ശരിയായി തെളിഞ്ഞിരിക്കുന്നു. കീഴ്ക്കോടതികളും ഹൈക്കോടതിയും രേഖകൾ വിശദമായി പരിശോധിക്കുകയും അപ്പീൽ വാദിക്കെതിരെയുള്ള കണ്ടെത്തലുകൾ ശരിവയ്ക്കുകയും ചെയ്തു. രേഖകൾ പരിശോധിച്ചതിനുശേഷം, അത്തരം കണ്ടെത്തലുകളിൽ ഒരു ബലഹീനതയോ വക്രതയോ ഉള്ളതായി ഈ കോടതി കാണുന്നില്ല.

8. ഈ അപ്പീലിൽ ഉന്നയിച്ചിട്ടുള്ള പ്രധാന തർക്കം ഇത് 320-)o വകുപ്പിന് കീഴിൽ വരില്ല എന്നും അതിന് കാരണം 20 ദിവസമായി കഠിനമായ ശാരീരിക വേദനയുണ്ടെന്നും

കൂടാതെ തനിക്ക് രൂപഭേദം സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടില്ല എന്നതും മറിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ ഇരയ്ക്ക് തന്റെ ദൈനംദിന പ്രവർത്തനങ്ങൾ പരസഹായമില്ലാതെ തുടരാൻ പ്രാപ്തിയുണ്ടെന്ന് ഡോക്ടർ പറഞ്ഞുവെന്നതുമാണ്. സൂചിപ്പിച്ച പ്രകാരം കേസിലെ സമർപ്പണങ്ങൾ അടിസ്ഥാനരഹിതവും ഇടപെടലുകൾ ആവശ്യമില്ലാത്തതും ആണ്.

9. ദേഹോപദ്രവങ്ങളിൽ കഠിനദേഹോപദ്രവം എന്ന് 320-)o വകുപ്പ് പ്രകാരം പറയപ്പെടുന്നവ താഴെ വായിക്കാം:

"320-)o വകുപ്പ്: കഠിനദേഹോപദ്രവം:- താഴെ പറയപ്പെടുന്ന വിധത്തിലുള്ള ദേഹോപദ്രവം മാത്രം "കഠിന" ദേഹോപദ്രവമാണെന്നു പറയപ്പെടുന്നു.

ആദ്യമായി - പുരുഷത്വമില്ലാതാക്കപ്പെടുന്നത്.

രണ്ടാമതായി - ഏതെങ്കിലും കണ്ണിന്റെ കാഴ്ച സ്ഥിരമായി നഷ്ടപ്പെടുത്തുന്നത്.

മൂന്നാമതായി - ഏതെങ്കിലും ചെവിയുടെ കേൾവി സ്ഥിരമായി നഷ്ടപ്പെടുത്തുന്നത്.

നാലാമതായി - ശരീരത്തിന്റെ ഏതെങ്കിലും അവയവമോ, സന്ധിയോ നശിപ്പിക്കുന്നത്.

അഞ്ചാമതായി - ശരീരത്തിന്റെ ഏതെങ്കിലും ഒരു അവയവത്തിന്റെയോ സന്ധിയുടേയോ നാശമോ, സ്ഥിരമായ ബലഹീനതയോ ഉണ്ടാക്കുന്നത്.

ആറാമതായി - തലയ്ക്കോ മുഖത്തിനോ സ്ഥിരമായി വൈക്രുതമുണ്ടാക്കുന്നത്.

ഏഴാമതായി - എല്ലിന്റെയോ പല്ലിന്റെയോ പൊട്ടലോ, സ്ഥാനഭംഗമോ ഉണ്ടാക്കുന്നത്.

എട്ടാമതായി - ജീവന് അപായം ഉണ്ടാക്കുന്നതോ, അല്ലെങ്കിൽ ആ ദേഹോപദ്രവം അനുഭവിക്കുന്ന ആൾ ഇരുപതുദിവസം വരെ തന്റെ സാധാരണ ജീവിതമോ, ജോലിയോ ചെയ്യാൻ നിർവ്വാഹമില്ലാതാക്കുന്നതോ, അല്ലെങ്കിൽ അയാൾക്ക് 20 ദിവസം വരെ കഠിനശരീരവേദന ഉണ്ടാക്കുന്നതോ ആയ ദേഹോപദ്രവമോ ഉണ്ടാക്കുന്നത്.

ഇന്ത്യൻ ശിക്ഷാനിയമം 326-)o വകുപ്പ് പ്രകാരം അപായകരമായ ആയുധങ്ങളോ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളോക്കൊണ്ട് തന്നിഷ്ടത്തോട്കൂടി കഠിനദേഹോപദ്രവം ഉണ്ടാക്കുന്നത്, ഇങ്ങനെ വായിക്കാം:

326. **അപായകരമായ ആയുധങ്ങളോ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളോക്കൊണ്ട് തന്നിഷ്ടത്തോട്കൂടി കഠിനദേഹോപദ്രവം ഉണ്ടാക്കുന്നത്.** – 335 -)o വകുപ്പിൽ വ്യവസ്ഥപ്പെടുത്തപ്പെട്ടതല്ലാത്ത മറ്റുകാര്യങ്ങളിൽ, വെടിവയ്ക്കാനോ, കുത്താനോ, വെട്ടാനോ ഉപയോഗിക്കുന്ന ഉപകരണം കൊണ്ടോ, അല്ലെങ്കിൽ ഒരാക്രമണം ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുമ്പോൾ അതു മരണം സംഭവിപ്പിക്കാൻ ഇടയാക്കുന്നതായിരിക്കുന്ന ഒരു ഉപകരണം കൊണ്ടോ അല്ലെങ്കിൽ തീ, ചൂടുപിടിച്ച ഒരു സാധനം, വിഷം, ദ്രവിപ്പിക്കുന്ന സാധനം, സ്ഫോടകവസ്തു എന്നിവകൊണ്ടോ അല്ലെങ്കിൽ ഏതു സാധനത്തെ ശ്വസിക്കുകയോ, വിഴുങ്ങുകയോ, രക്തത്തിൽ കലർത്തുകയോ ചെയ്യുന്നത് മനുഷ്യശരീരത്തിന് ദോഷം ചെയ്യുന്നതായിത്തീരുമോ, ആ സാധനം കൊണ്ടോ, അല്ലെങ്കിൽ ഒരു മൃഗത്തെകോണ്ടോ, തന്നിഷ്ടത്തോട്കൂടി കഠിന ദേഹോപദ്രവം ഉണ്ടാക്കുന്നെങ്കിൽ, അയാൾക്ക് പത്തുവർഷത്തോളം ആകാവുന്ന ഒരു കാലാവധിക്ക് രണ്ടിലൊരു തരത്തിലുള്ള തടവുശിക്ഷ വിധിക്കപ്പെടുന്നതും, അതുകൂടാതെ അയാൾ പിഴശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതും, അതുകൂടാതെ അയാൾ പിഴശിക്ഷയ്ക്ക് വിധേയനാകുന്നതുമാണ്.

10. നിലവിലെ കേസിലെ മുറിവ് സർട്ടിഫിക്കറ്റിൽ (Ex.P/5) ആസിഡ് പൊള്ളലേറ്റ് നെറ്റി, തലയോട്ടി, കഴുത്ത്, നെഞ്ചിന്റെ പിൻഭാഗം, ഇടത് നിതംബം, ഇടത് തുടയുടെ മുൻഭാഗം എന്നീ ഭാഗങ്ങളിൽ സംഭവിച്ച ഗുരുതരമായ പരിക്കുകൾ വ്യക്തമാക്കുന്നു.

10.1 അപ്പീൽ വാദി ഒഴിച്ച ആസിഡിന്റെ പ്രവർത്തനം മൂലമാണ് ഇരയ്ക്ക് മേൽപ്പറഞ്ഞ പരിക്കുകൾ സംഭവിച്ചത്. ഇന്ത്യൻ ശിക്ഷാനിയമം 326-)o വകുപ്പ് പ്രകാരം ആസിഡ് ഒരു വിനാശകരമായ പദാർത്ഥമാണ്. ഇര 50 ദിവസത്തിൽ കൂടുതൽ ആശുപത്രിയിൽ തുടർന്നു. ശരീരത്തിന്റെ ഇടത് ഭാഗത്ത് തല മുതൽ തുട

വരെ ആസിഡ് പൊള്ളലേറ്റ് ഗുരുതരമായ പരിക്കുകൾ ഉണ്ടായിട്ടും ദീർഘദിവസത്തെ ആശുപത്രിവാസം ഉണ്ടായിട്ടും 20 ദിവസത്തിനുമേലെ കഠിനമായ ശാരീരിക വേദനയില്ലായിരുന്നു എന്ന വാദം പൂർണ്ണമായും യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്. ആശുപത്രിയിൽ പ്രവേശിക്കുമ്പോൾ തനിക്ക് ദൈനംദിനചര്യകൾ സ്വയം നിർവ്വഹിക്കാൻ കഴിയില്ലായിരുന്നുവെന്ന് ഇര തന്റെ ചീഫ് എക്സാമിനേഷനിൽ വ്യക്തമാക്കി. കൂടാതെ ക്രോസ് വിസ്താരത്തിൽ പ്രസ്തുത വാദത്തെ ചോദ്യം ചെയ്യത്തക്ക യാതൊരു നിർദ്ദേശവും ഇല്ലായിരുന്നു. എല്ലാത്തിനുമുപരിയായി, കോടതിയിൽ പരിശോധനനടത്തിയപ്പോൾ ഇരയുടെ തലയിൽ സ്ഥിരമായി രൂപഭേദം സംഭവിച്ചിട്ടുണ്ടെന്ന് വിചാരണ കോടതി പ്രത്യേകം ശ്രദ്ധിച്ചു. തന്നിരിക്കുന്ന സാഹചര്യങ്ങളിലും ലഭ്യമായ വസ്തുതകളും പ്രകാരം ആശുപത്രിയിൽ ചികിത്സയിലായിരിക്കുമ്പോൾ രോഗിക്ക് യാതൊരു സഹായവുമില്ലാതെ തന്റെ ദൈനംദിനകാര്യങ്ങൾ ചെയ്യാമായിരുന്നു എന്ന ഡോക്ടറുടെ (PW-8 ന്റെ) മൊഴി, കേസ് വ്യക്തമായും ഇന്ത്യൻ ശിക്ഷാനിയമം 320-)o വകുപ്പിലെ 6-)മത്തെയും 8-)മത്തെയും ഉപവാക്യത്തിനു കീഴിൽ വരുന്നതാണെന്ന വസ്തുത എടുത്ത് കളയാൻ ഉതകുന്നതല്ല. വാസ്തവത്തിൽ, ചർമ്മം സുഖപ്പെടുന്ന സമയത്ത് പെട്ടെന്ന് രൂപഭേദം സംഭവിക്കില്ലെന്നും വടുകൾ പിന്നീട് മാത്രമേ വികസിക്കുകയുള്ളുവെന്നും ഡോക്ടർ (PW-8) പറഞ്ഞിരുന്നു.

11. ആസിഡ് ഉപയോഗിക്കുന്നതിലൂടെ കഠിനദേഹോപദ്രവമുണ്ടാക്കുന്നത് അതിന്റെ സ്വഭാവമനുസരിച്ച് ദാരുണവും ഭയാനകവുമാണെന്ന് പറയേണ്ടതില്ല, മാത്രമല്ല ഇത് കഠിനമായ ശാരീരിക വേദന സൃഷ്ടിക്കുന്നതിന് പുറമെ വടുക്കൾ ഉണ്ടാക്കുകയും ഇരയ്ക്ക് പറഞ്ഞറിയിക്കാനാവാത്ത സ്ഥിരമായ ദുരിതങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള കുറ്റകൃത്യത്തിന്റെ തീവ്രത കണക്കിലെടുത്ത് 2013-ലെ 13-)o നമ്പർ ആക്ട് പ്രകാരം ഇന്ത്യൻ ശിക്ഷാനിയമത്തിൽ 326A ഉം 326B ഉം വകുപ്പുകൾ ഉൾപ്പെടുത്തി, ആസിഡ് ഉപയോഗിച്ച് സ്വമേധയാ കഠിനദേഹോപദ്രവം ഉണ്ടാക്കുന്നതിനും, സ്വമേധയാ ആസിഡ് എറിയുകയോ അല്ലെങ്കിൽ ആസിഡ് എറിയാൻ ശ്രമിക്കുകയോ ചെയ്യുന്ന കുറ്റങ്ങൾക്ക് തടവിൽ കുറയാത്ത കൂടിയ ശിക്ഷ

നൽകണം. ഇപ്പോഴുള്ള വിഷയം1997-ൽ ചെയ്ത കുറ്റകൃത്യവുമായി ബന്ധപ്പെട്ട-തായതിനാൽ ഇപ്പോൾ ഉൾപ്പെടുത്തിയ വ്യവസ്ഥകളെ വിശദീകരിക്കേണ്ടതില്ലെന്നും, എന്നാൽ കുറ്റകൃത്യത്തിന്റെ തീവ്രത കണക്കിലെടുക്കുമ്പോൾ പ്രഥമദൃഷ്ട്യാ നൽകിയിട്ടുള്ള ശിക്ഷ അപര്യാപ്തമായി കാണപ്പെടുന്നു. ഇക്കാരണത്താലാണ്, ഈ വിഷയം കേട്ടപ്പോൾ,ശിക്ഷ വർദ്ധിപ്പിക്കേണ്ട ആവശ്യകതയുണ്ടോ എന്ന ചോദ്യം പരിശോധിക്കാൻ ഈ കോടതി നോട്ടീസ് നൽകിയിരുന്നത്.

12. എന്നിരുന്നാലും കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും പ്രത്യേകിച്ചും ഈ കുറ്റകൃത്യം ചെയ്തത് 1997-ൽ ആണെന്നതും കൂടാതെ പ്രതി - അപ്പീൽവാദിയ്ക്ക് ഇപ്പോൾ 63 വയസ്സായി എന്നതും കണക്കിലെടുത്ത് ശിക്ഷ വർദ്ധിപ്പിക്കുന്നതിൽ നിന്നും കോടതി വിട്ട് നിൽക്കുകയും തൽസ്ഥിതിയിൽ തുടരാനും അനുവദിക്കുന്നു.

13. മേൽപ്പറഞ്ഞ വാദഗതികൾ പ്രകാരം ഈ അപ്പീൽ പരാജയപ്പെടുകയും അതിനാൽ തള്ളുകയും ചെയ്യുന്നു.

Abhay Manohar Sapre (J)
Dinesh Maheshwari (J)

New Delhi
Date : 9th May, 2019.

ബാദ്ധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം, അത് എല്ലാ ആവശ്യങ്ങളും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.

Translated by : Radha Lakshmy S.A., Translator
Verified by : Anu T.S. , Head Translator